വിളിക്കപ്പെടേണ്ടി വരും, അനേകം നോവലുകൾ വളരെ നല്ല നിലയിൽ എഴുതപ്പെട്ടി ട്ടുണ്ട്. എന്നാൽ അവ സമ്പൂർണ്ണ കള്ള പ്രചാരണങ്ങളാകാം, എന്നാൽ അവ തുടർച്ചയാ യുള്ള നല്ല നിലയിൽ ക്രമീകരിച്ചിട്ടുള്ള കെട്ടുകഥകളായിരിക്കും. ഇത്തരം കഥകളെ ദൈവീക വെളിപാടുകൾ എന്ന് നമുക്ക് പറയുവാൻ കഴിയുമോ ?

വെളിപാടുകൾ എന്നത് ഒരാളിന്റെ മനസ്സിൽ രൂപം കൊള്ളുന്ന വെറും ആശയ ങ്ങൾ മാത്രമാണ് എങ്കിൽ, ഒരു കള്ളനെപോലും വെളിപാടുകൾ ലഭിക്കുന്നതാണ് എന്ന്

[redacted]

അത്ഭുതരകരമായ നിലയിലായിരിക്കും, മോഷ്ടിക്കുന്നതിനുള്ള, കൊലചെയ്യുന്നതിനുള്ള ബുദ്ധിപരമായ പല പദ്ധതികളും അവന്റെ മനസ്സിലൂടെ കടന്നുപോയിരിക്കും. ഈ അവി ശുദ്ധമായ പദ്ധതികളെല്ലാം വെളിപാടുകളാണ് എന്ന് നമുക്ക് പറയുവാൻ കഴിയുമോ? തീർച്ചയായും ഇല്ല. യഥാർത്ഥ ദൈവത്തെക്കുറിച്ചുള്ള ബോധമില്ലാത്തവരുടെ വെറും ചിന്ത കൾ മാത്രമാണത്. യഥാർത്ഥ ദൈവം അവന്റെ ദാസന്മാരുടെ ഹൃദയങ്ങൾക്ക് സാന്ത്വനം നല്കുകയും, അവന്റെ സംഭാഷണത്താൽ, ആത്മീയ അറിവുകൾ പ്രദാനം ചെയ്യുകയും, അത്തരം അറിവുകൾ അവരുടെ അറിവിൽപ്പെട്ടതായിരിക്കില്ല.

## അപ്പോൾ വെളിപാട് എന്നാൽ എന്താണ് ?

പരിശുദ്ധനും, പ്രതാപവാനുമായ ദൈവത്തിന്റെ ശക്തിമത്തായ ജീവിച്ചിരിക്കുന്ന സംഭാഷണമാണത്. താൻ തെരഞ്ഞെടുക്കുന്ന ദാസനുമായി അവൻ സംവദിക്കുന്നു. അഥവാ ഒരുവനെ അപ്രകാരം തെരഞ്ഞടുക്കുവാൻ ഉദ്ദേശിക്കുമ്പോൾ അവനുമായി നട ത്തുന്ന ആശയവിനിമയം ! ഈ ആശയവിനിമയം തുടർച്ചയായും തൃപ്തികരവുമായ നില യിൽ ആരംഭിക്കുമ്പോൾ, കുറെ അപൂർണ്ണവും അർത്ഥരഹിതവുമായ വാക്കുകളുടെ സമു ച്ചയമാകാതിരിക്കുമ്പോൾ, പ്രകാശത്താലും, ബൗദ്ധികതയാലും, മഹത്വത്താലും അവ സമ്പൂർണ്ണമാകുമ്പോൾ, അപ്പോൾ അത് തീർച്ചയായും ദൈവത്തിന്റെ വാക്കുകൾ തന്നെ, അങ്ങനെ അവൻ അവന്റെ ദാസനെ, സുഖ ശീതളയിലാക്കുവാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുന്നു അവനിലൂടെ അവൻ സ്വയം വെളിപ്പെടുത്തുന്നു.

ചില സന്ദർഭങ്ങളിൽ വെളിപാട് ഒരു വ്യക്തിയിലൂടെ സാധുകരിക്കുന്നത് പരീക്ഷ ണങ്ങളിലൂടെയായിരിക്കും. പൂർണ്ണമായ അനുഗ്രഹത്താൽ അണിയിച്ചുകൊണ്ടാവില്ല. ഇത്തരം അവസ്ഥയിൽ സ്വീകർത്താവിനെ പരീക്ഷണത്തിലാക്കുന്നു. ഇത്തരം പ്രാഥമിക അവസ്ഥയിൽ വെളിപാടിന്റെ രുചി അനുഭവിപ്പിക്കുന്നു. യഥാർത്ഥമായ വെളിപാടുകൾ ലഭിക്കുന്നതിനായി. ഇത്തരം വെളിപാടുകൾ ലഭിച്ച സത്ചരിതരായ ആളുകളുടെ പാത

യിലൂടെ മുന്നേറുവാൻ ആവശ്യപ്പെടുന്നു. അതിൽ കുറവു സംഭവിച്ചാൽ, വ്യർത്ഥതയെ നേരിടേണ്ടിവരും. യഥാർത്ഥ സത്ചരിതരുടെ പാത പിന്തുടരുവാൻ തയ്യാറാകുന്നില്ലെങ്കിൽ, ഈ ഔദാര്യത്തിന്റെ പൂർണ്ണതയിൽ നിന്നും ആട്ടി ഓടിക്കപ്പെടുന്നു. പിന്നീടുള്ളത് വ്യർത്ഥമായ പൊങ്ങച്ച പ്രകടനം മാത്രമായിരിക്കും.

സത്ചരിതരായ ലക്ഷകണക്കിന് ആളുകൾക്ക് വെളിപാടുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അവർ ദൈവദൃഷ്ടിയിൽ സമൻമാരല്ല. തീർച്ചായും പരിശുദ്ധ ദൈവദൂതന്മാർ പോലും, പദവിയിൽ അവർ ഒരു പോലെയല്ല ! സർവ്വശക്തനായ അല്ലാഹു പറഞ്ഞതുപോലെ, പ്രവാചകന്മാരിൽ ചിലരെ മറ്റു ചിലരെക്കാൾ സമുന്നതരാക്കിയിരിക്കുന്നു. (2 : 254)

ഇത് നമ്മെ പഠിപ്പിക്കുന്നത്, വെളിപാട് അത് തികച്ചും ദൈവീകാനുഗ്രഹമാണ്. അത് ഉയർന്ന പദവിക്കുള്ള തെളിവല്ല. ഉയർന്ന സ്ഥാനം എന്നത് സത്യത്തിന്റെ അളവനുസരിച്ചാണ്. ആത്മാർത്ഥതയുടെ അളവനുസരിച്ചാണ്. സ്വീകർത്താവിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അത് അറിയുന്നവൻ അല്ലാഹു മാത്രമാണ്. വെളിപാടുകൾക്ക് ഇത്തരം അനുഗ്രഹീത വ്യവസ്ഥകളെല്ലാം ഉണ്ടെങ്കിൽ പോലും, ഇത് (വെളിപാട്) ഇത്തരം ഗുണങ്ങളുടെ ഒരു ഫലം തന്നെയാണ്. വെളിപാടു ഉണ്ടാകുമ്പോൾ, സ്വീകർത്താവ് ദൈവത്തോട് ഒരു ചോദ്യം സമർപ്പിക്കുന്നു. ദൈവം അതിന് മറുപടി നല്കുന്നു. അതിന്റെ ഒരു പരമ്പര തന്നെ ഉണ്ടാകുന്നു. വെളിപാടിന്, സവിശേഷമായ ദൈവീക പ്രഭാവവും പ്രകാശവും ഉണ്ടായിരിക്കും. അദൃശ്യനായവനിൽ നിന്നുള്ള അറിവിന്റെ വിശദീകരണമുണ്ടാകുന്നു. യഥാർത്ഥ ഗ്രഹണം സംഭവിക്കുന്നു. തീർച്ചയായും അത് ദൈവവചനം തന്നെയായിരിക്കും.

ദൈവീക വെളിപാട് രണ്ട് സ്നേഹിതർ തമ്മിലുള്ള സംഭാഷണം പോലായിരിക്കൽ നിർബന്ധമാണ്. ദൈവദാസൻ ഒരു ചോദ്യം സമർപ്പിക്കുമ്പോൾ, സർവ്വ ശക്തനായ ദൈവത്തിൽ നിന്നും, മധുരതരവും വ്യക്തവുമായ ഒരു മറുപടി അവന് ലഭിക്കേണ്ടതാണ്. അക്കാര്യത്തിൽ പ്രസ്തുത വ്യക്തിക്കും അവന്റെ ചിന്തയ്ക്കും യാതൊരു പങ്കുമുണ്ടായിരിക്കുകയില്ല. ഇത്തരം ഒരു സംഭാഷണം ഒരു വ്യക്തിക്ക് ഔദാര്യമായി ചൊരിയുകയാണെങ്കിൽ, അപ്പോൾ അത് തീർച്ചയായും ദൈവത്തിൽ നിന്നുള്ള വാക്കുകളായിരിക്കും. അത്തരം വാക്കുകൾ സ്വീകരിക്കുന്നയാൾ ദൈവത്തിന് പ്രിയപ്പെട്ടവനുമായിരിക്കും.

അത്തരം വെളിപാട് ഒരു ഔദാര്യമായി ചൊരിയുന്നതായിരിക്കും. ജീവിച്ചിരിക്കുന്നതും പരിശുദ്ധവുമായ വെളിപാടുകളുടെ ഒരു നിര തന്നെ ഒരു ദാസന് ദൈവം ചൊരിഞ്ഞു കൊടുക്കുന്നതാണ്, വ്യക്തവും സംശുദ്ധവുമായ നിലയിൽ ! അത്തരം സന്ദേശങ്ങൾ സത്പ്രവർത്തനത്താലും, ആത്മാർത്ഥമായും, വിശ്വാസത്താലും പരമപദം പ്രാപിക്കാത്തവരുടെ വാക്കുകളിൽ നിന്നുള്ള ഒരു ഭാഗവും അതിലുണ്ടാവില്ല. അതു സംബന്ധമായി ഇപ്പോൾ ഇവിടെ വെളിപ്പെടുത്തുന്നില്ല. യഥാർത്ഥവും പരിശുദ്ധവുമായ വെളിപാട് ദൈവീക അസ്ഥിത്വത്തിന്റെ അനേകം അത്ഭുതങ്ങൾ പ്രകടിപ്പിക്കുന്നു. മിക്കപ്പോഴും തേജോമയമായ ഒരു പ്രകാശം ഉത്പാദിപ്പിക്കുകയും, അതോടൊപ്പം അത്ഭുതകരവും പ്രകാശപൂരിതവുമായ വെളിപാട് ലഭ്യമാക്കിക്കൊടുക്കയും ചെയ്യുന്നതാണ്.

ആകാശഭൂമികളുടെ സൃഷ്ടാവിൽ നിന്നുള്ള സംഭാഷണത്തേക്കാളുപരി, പ്രസ്തുത വെളിപാടു ലഭിക്കുന്നവന്, അതിനേക്കാൾ വലിയ മറ്റ് എന്ത് ഔദാര്യമാണുള്ളത് ? ഈ ലോകത്ത് വെച്ച് ദൈവത്തെ കാണുവാൻ കഴിയുന്നത്, അവനുമായുള്ള സംഭാഷണത്തിലൂടെ മാത്രമാണ്.

അല്ലാഹുവിനോടുള്ള തീവ്രമായ പ്രാർത്ഥനയോടെ ഞാൻ ഈ പ്രസംഗം ഇവിടെ അവസാനിപ്പിക്കുന്നു. ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗത്തിനും, എന്റെ എല്ലാ അനുചരന്മാർക്കും, സ്നേഹിതർക്കും, എല്ലാ മുസ്ലിംകൾക്കും. മാനവരാശിക്ക് മൊത്തത്തിൽ, വെളിപാടിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുവാനുള്ള കഴിവ് നല്കട്ടെ !

വെളിപാടിന്റെ സത്തയും പ്രാധാന്യവും നമ്മുടെ ജീവിതത്തിൽ, വിശിഷ്യാ ഒരു ദൈവ ദൂതന്റെ കാലഘട്ടത്തിൽ, മനസ്സിലാക്കുവാൻ കഴിയട്ടെ, പ്രസ്തുത ദൂതനെ നിയോഗിച്ചിരിക്കുന്നത് സർവ്വശക്തനായ ദൈവത്തിലേക്ക് മാനവരാശിയെ മുഴുവൻ വഴി കാണിക്കുന്നതിനു വേണ്ടി ആകുന്നു. ഇൻശാ അല്ലാഹ് ! ആമീൻ

**Translated by**
**R. Jamaludin Raother**
**Amir Jamaat - ul - sahih-al- Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam**

This document was created with the Win2PDF “print to PDF” printer available at
http://www.win2pdf.com

This version of Win2PDF 10 is for evaluation and non-commercial use only.

This page will not be added after purchasing Win2PDF.

http://www.win2pdf.com/purchase/